# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം: : 31.05.2025 മുതൽ 04.06.2025 വരെ)

## കോഴിക്കോട്ജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട്-ഉം ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

| ബുള്ളറ്റിൻനമ്പർ: പിലിക്കോട്/ കെ.കെ.ഡി. - 43/2025 | തീയ്യതി: 30/05/2025 |
|---|---|

### എ.പിന്നിട്ട നാല് ദിവസത്തെ കാലാവസ്ഥ

| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 249.8 | 28.0 – 31.2 | 23.8 – 25.2 | 91 – 98 | 00 – 12 |

### ബി.വരുന്ന അഞ്ച് ദിവസങ്ങളിലേക്കുള്ളകാലാവസ്ഥാ മുന്നറിയിപ്പ്

| സൂചിക | 31-05-2025 | 01-06-2025 | 02-06-2025 | 03-06-2025 | 04-06-2025 |
|---|---|---|---|---|---|
| മഴ, മി.മീ | 60 | 20 | 18 | 12 | 20 |
| കൂടിയതാപനില, °C | 28 | 28 | 28 | 28 | 28 |
| കുറഞ്ഞതാപനില, °C | 24 | 24 | 24 | 24 | 24 |
| കൂടിയആപേക്ഷികആർദ്രത, % | 98 | 98 | 98 | 98 | 98 |
| കുറഞ്ഞആപേക്ഷികആർദ്രത, % | 91 | 91 | 91 | 91 | 91 |
| കാറ്റിന്റെവേഗത, കി.മീ/മണിക്കൂർ | 12 | 8 | 8 | 8 | 8 |
| കാറ്റിന്റെദിശ, ഡിഗ്രി | 290 | 270 | 270 | 270 | 320 |
| മേഘവിന്യാസം, ഒക്ടാ | 8 | 8 | 8 | 8 | 8 |

### സി. കാർഷിക നിർദ്ദേശങ്ങൾ

| വിള | ഘട്ടം | പ്രശ്നങ്ങൾ | കാർഷികനിർദ്ദേശങ്ങൾ |
|---|---|---|---|
| **പൊതുനിർദ്ദേശങ്ങൾ** | **ഒറ്റപ്പെട്ട ശക്തിയായ മഴ** ** | | |
| | ഉയർന്ന അന്തരീക്ഷ ആർദ്രത അനുഭവപ്പെടും. ആകാശം പൂർണമായും മേഘാവൃതമായിരിക്കും. അന്തരീക്ഷ ഊഷ്മാവ് സ്വാധാരണയിൽ കുറവായിരിക്കും.<br>മെയ് 31, ജൂൺ 03 ന് ഒറ്റപ്പെട്ട ശക്തിയായ മഴ.<br>ജൂൺ 01,02 ന് ശക്തികുറഞ്ഞ മഴ. | | |
| അപായ സൂചന | മെയ് 31 ന് ഒറ്റപ്പെട്ട ശക്തിയായ മഴയ്ക്ക് സാധ്യത | | |
| **ആഘാതം** | തുറസ്സായ സ്ഥലങ്ങളിൽ കാർഷിക ഉൽപന്നങ്ങൾ ഉണക്കുന്നതിൽ ബുദ്ധിമുട്ട്.<br>നേർത്ത തണ്ടുള്ള പഴങ്ങളും പച്ചക്കറികളും ഒടിഞ്ഞു വീഴാനുള്ള സാധ്യത.<br>കൃഷിയിടങ്ങളിൽ വെള്ളം കെട്ടിനിൽക്കാനുള്ള സാധ്യത.<br>തുറസ്സായ സ്ഥലങ്ങളിൽ ഇടിമിന്നൽ ആളുകൾക്കും കന്നുകാലികൾക്കും പരിക്കേൽപ്പിച്ചേക്കാം.<br>കൃഷിയിടത്തിൽ നിന്ന് മണ്ണ് ചിതറിക്കിടക്കുന്നതിലൂടെ വിത്ത് സ്ഥാനചലനം സംഭവിക്കുകയും വിത്തുകളുടെ മുളയ്ക്കൽ കുറയുകയും ചെയ്യുന്നു. | | |
| **പൊതുനിർദ്ദേശങ്ങൾ** | വിത്ത്, റബ്ബർ, കശുവണ്ടി, മഞ്ഞൾ, കൊപ്ര ഉല്പന്നങ്ങൾ ശ്രദ്ധാപൂർവം വെയിലത്തിട്ടുണക്കുക.<br>മൃദു കാണ്ഡ വിളകളായ വാഴ, പച്ചക്കറികൾ, താങ്ങുകൾ ആവശ്യമുള്ള കിഴങ്ങുവർഗ്ഗങ്ങൾ എന്നിവയ്ക്ക് ശക്തമായ താങ്ങുകൾ നൽകുക.<br>മഴക്കുഴികളിൽ തൂർന്നു പോയവ വീണ്ടെടുക്കുക. | | |

| | | | |
|---|---|---|---|
| | അവശ്യ ഘട്ടങ്ങളിൽ നീർ വാർച്ച എളുപ്പമാക്കുന്നതിന് ജല നിർഗമന ചാലുകളിലെ അനാവശ്യ തടസ്സങ്ങൾ നീക്കം ചെയ്യുക.<br>കന്നുകാലികളെ ബലക്ഷയമുള്ള തൊഴുത്തുകളിൽ പാർപ്പിക്കരുത്.<br>മണ്ണിനും വേരുകൾക്കും കേടുപാടുകൾ സംഭവിക്കാതിരിക്കാൻ വിളയുടെ ചുവട്ടിൽ പുതയിടുക.<br>വിത്ത് വിതയ്ക്കുന്നത് മാറ്റിവയ്ക്കുക; ഇതിനകം വിതച്ചിട്ടുണ്ടെങ്കിൽ, വയലിൽ വെള്ളം കെട്ടിനിൽക്കുന്നത് ഒഴിവാക്കുക, വിത്ത് പാകിയ ഭാഗം വൈക്കോൽ, കൃഷിയിട അവശിഷ്ടങ്ങൾ പോലുള്ള പ്രകൃതിദത്ത വസ്തുക്കൾ കൊണ്ട് പുതയിടുക.<br>വളം, വിത്ത്, കാലിത്തീറ്റകൾ എന്നിവ ഈർപ്പം തട്ടാത്തതും കീടങ്ങൾ ഇല്ലാത്തതുമായ മുറികളിൽ ഉയർത്തികെട്ടി പലക പാകിയ പ്രതലങ്ങളിൽ മേൽ സൂക്ഷിക്കുക.<br>മഴയില്ലാത്ത സമയത്ത് മാത്രം കീടനാശിനി തളിക്കുക. | | |
| നെല്ല് (വിരുപ്പ്: ഒന്നാം വിളകാലം) | പൊടി വിത / നഴ്സറി തയ്യാറാക്കൽ | മണ്ണിലെ ഈർപ്പത്തിന്റെ അളവ് സ്ഥലത്തെ ജല ലഭ്യത എന്നിവ വിലയിരുത്തി നേരത്തെ തന്നെ പൊടിവിത അല്ലെങ്കിൽ പറിച്ചു നടുന്നതിനായി നഴ്സറി തയ്യാറാക്കൽ എന്നീ പ്രവൃത്തികൾ അവലംബിക്കുക.<br>രോഗബാധ തടയുന്നതിനായി നടുന്നതിന് മുൻപ് വിത്ത്, സ്യൂഡോമോണസ് (പത്തു കിലോ ഗ്രാം വിത്തിനു 10 ഗ്രാം സ്യൂഡോമോണസ് എന്ന തോതിൽ) കലർത്തി തയ്യാർ ചെയ്യണം.<br>നഴ്സറി തയ്യാറാക്കുന്ന സമയത്ത് ചതുരശ്ര മീറ്ററിന് ചുരുങ്ങിയത് 1 കി. ഗ്രാം ഉണക്കിപ്പൊടിച്ച ചാണകം/കമ്പോസ്റ്റ് മണ്ണിൽ നന്നായി ഇളക്കി ചേർക്കേണ്ടതാകുന്നു | |
| തെങ്ങ് | കനത്ത മഴയെത്തുടർന്ന് വെള്ളം കെട്ടിനിൽക്കുക | തുടർച്ചയായ കനത്ത മഴയും വെള്ളം കെട്ടിനിൽക്കലും ഉണ്ടാകുമ്പോൾ താഴെപ്പറയുന്ന രീതികൾ നിർദ്ദേശിക്കുന്നു.<br>കൃഷിയിടത്തിൽ നല്ല നീർവാർച്ചയും ശുചിത്വ സാഹചര്യങ്ങളും ഉറപ്പാക്കുക.മഴ നിലച്ചയുടനെ ഇളം തെങ്ങുകളുടെ തടങ്ങളിൽ നിന്ന് കെട്ടിക്കിടക്കുന്ന വെള്ളം ഒഴുക്കിക്കളയുക.തടങ്ങളിലെ മണ്ണിളക്കി വായുസഞ്ചാരം നൽകുക.മണ്ണ് അണുവിമുക്തമാക്കാൻ തടങ്ങളിൽ 1-2 കിലോഗ്രാം കുമ്മായം ഒരു മരത്തിന് എന്ന തോതിൽ പുരട്ടുക.കുമ്മായം പ്രയോഗിച്ചതിന് രണ്ടാഴ്ച കഴിഞ്ഞ് അധിക സൂക്ഷ്മ പോഷക മിശ്രിതം (അയർ @ 250 ഗ്രാം / മരം) പൊട്ടാഷ് (@ 1 കിലോഗ്രാം / മരം) പ്രയോഗിക്കുക.ട്രൈക്കോഡെർമ, സ്യൂഡോമോണസ് എന്നിവ മണ്ണിൽ പ്രയോഗിക്കുക. തെങ്ങുകളുടെ സ്പിൻഡിൽ ഭാഗത്ത് ബോർഡോ മിശ്രിതം (1%) തളിക്കുക. | |
| നെല്ല് | നഴ്സറി ഘട്ടം | തവിട്ടുപുള്ളിക്കുത്ത്<br> | രോഗം ഗുരുതരമാണെങ്കിൽ മാങ്കോസെബ് (75WP) 3 ഗ്രാം / ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക. അല്ലെങ്കിൽ കാർബെൻഡാസിം + മാങ്കോസെബ് 75WP 2 ഗ്രാം / ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക. |
| തെങ്ങ് | വിവിധ ഘട്ടം | കൊമ്പൻ ചെല്ലി<br><br>ഉയരം കുറഞ്ഞ തെങ്ങുകൾ പൊതുവെ കൂടുതൽ ആക്രമണ വിധേയരാണ് | തെങ്ങിന്റെ അഗ്രഭാഗത്തുനിന്നും ചെല്ലിക്കോൽ ഉപയോഗിച്ച് വണ്ടുകളെ കുത്തിയെടുത്ത് നശിപ്പിക്കുക. ബോർഡോ കുഴമ്പ് കൊണ്ട് വണ്ടുകൾ തുരന്ന ദ്വാരം നിറക്കുന്നത് മുറിവിൽ കൂടി ഉണ്ടായേക്കാവുന്ന പൂപ്പൽ ബാധയെ തടയാൻ സഹായിക്കും.<br>ഉപയോഗ സൂന്യമായ മീൻ വലകൾ ഒരു മീറ്റർ നീളത്തിലും അര മീറ്റർ വീതിയിലും മുറിച്ചെടുത്തു തെങ്ങിൻറെ മൂന്നാമത്തെയും നാലാമത്തെയും ലെക്കവിളുകളിൽ വിരിച്ചു നടുഭാഗത്തു ചെറുകല്ലുകൾ വച്ച് ഉൾഭാഗത്തേക്കു തള്ളി അമർത്തി വെക്കുക. ഓലത്തണ്ടിന്റെ രണ്ടു ഭാഗത്തേക്കും പുറത്തേക്കു തൂങ്ങി നിൽക്കുന്ന വലയുടെ വശങ്ങൾ നന്നായി വിടർന്നിരിക്കണം പാറിവരുന്ന വണ്ടുകൾ കാലുകൾ വലയിൽ കുടുങ്ങി സഞ്ചരിക്കാൻ പറ്റാതെ നശിച്ചു പോകും, പുതു ഓലകൾ വിടരുന്നതിനനുസരിച് വല മുകളിലോട്ട് മാറ്റി മാറ്റി വെക്കുവാൻ ശ്രദ്ധിക്കുക. |

| | | | |
|---|---|---|---|
| തെങ്ങ് | വിവിധ ഘട്ടം | കൂമ്പ്ചീയൽ  | തുടർച്ചയായ മഴ മൂലം കൂമ്പ് ചീയൽ രോഗം വരാൻ സാധ്യതയുണ്ട്. തെങ്ങിലെ കൂമ്പ്ചീയൽ രോഗത്തിന് മുൻകരുതലായി മാങ്കോസേബ് നിറച്ച, സുഷിരങ്ങൾ ഇട്ട ചെറു പോളിത്തീൻ പാക്കറ്റുകൾ (5 ഗ്രാം ) മൂന്നു പാക്കറ്റ് വീതം ഓരോ തെങ്ങിന്റെ കൂമ്പിനു ചുറ്റും കവിളിൽ വയ്ക്കുക. |
| കുരുമുളക് | വിവിധ ഘട്ടം | ചീച്ചൽ രോഗം  | മുൻകരുതലായി ട്രൈക്കോഡർമ സമ്പുഷ്ടമാക്കിയ വേപ്പിൻ പിണ്ണാക്ക്-ചാണക മിശ്രിതം 150 ഗ്രാം വീതം തടത്തിൽ വിതറി മണ്ണുമായി ചേർത്തിളക്കുക.<br><br>രോഗ ലക്ഷണങ്ങൾ കണ്ടു തുടങ്ങിയാൽ റെഡോമിൽ രണ്ടു ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തടത്തിലെ മണ്ണ് കുതിർക്കുക.<br>ഇലകളിൽ ചീച്ചൽ കാണുകയാണെങ്കിൽ ഇതേ മിശ്രിതം ഇലകളിലും തണ്ടിലും തളിക്കുക. |
| വാഴ | വിവിധ ഘട്ടം | ഇലപ്പുള്ളി രോഗം  | തടത്തിൽ വെള്ളം കെട്ടിനിൽക്കാതിരിക്കാൻ വേണ്ടുന്ന നടപടികൾ സ്വീകരിക്കുക. മുൻകരുതലായി സ്യൂഡോമോണസ് ലായനി (20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തയ്യാറാക്കിയത്) രണ്ടാഴ്ചയിടവേളകളിൽ തളിക്കുക<br><br>രോഗം ബാധിച്ചാൽ:- രോഗം ബാധിച്ച ഇലകൾ വെട്ടി മാറ്റി തീയിട്ടു നശിപ്പിക്കുക. കാർബൻഡാസിം അല്ലെങ്കിൽ മാങ്കോസബ് ഇവ രണ്ടാഴ്ച ഇടവേളയിൽ മാറി മാറി 2 മില്ലി. ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തളിക്കുക. |
| പശു | കറവപ്പശു | അകിടു വീക്കം  | രോഗം വരുന്നത് തടയാനായി പശുക്കളുടെയും പരിസരങ്ങളുടെയും ശുചിത്വം എപ്പോഴും ഉറപ്പുവരുത്തുക, കറവയന്ത്രംഓരോതവണയുംഉപയോഗംകഴിഞ്ഞയുടനെകഴുകിസൂക്ഷിക്കുക.പ്രാണിശല്യം നിയന്ത്രിക്കുക, പശുക്കൾക്ക് രോഗപ്രതിരോധ ശേഷി നൽകുന്ന ടോണിക്കുകൾ നൽകുക.രോഗലക്ഷണങ്ങൾ കാണുകയാണെങ്കിൽ അടുത്തുള്ള മൃഗാശുപത്രിയുമായി എത്രയും പെട്ടെന്ന് ബന്ധപ്പെടുക. പ്രാരംഭഘട്ടത്തിൽ തന്നെ ചികിത്സ നൽകിയാൽ രോഗം ഫലപ്രദമായി നിയന്ത്രിക്കാം. |

**മഴ അപായ വർണ്ണ സൂചന (ദുരന്തനിവാരണത്തിനായി)

| | | | |
|---|---|---|---|
| താക്കീത് (ഉടൻനടപടിയെടുക്കുക) | ജാഗ്രത (തയ്യാറാവുക) | ശ്രദ്ധ (കാതോർക്കുക) | നിസ്സാരം (നടപടികൾആവശ്യമില്ല) |

ഒപ്പ്/-
നോഡൽ ഓഫീസര്
ഗ്രാമീണകൃഷികാലാവസ്ഥസേവപദ്ധതി